**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3547** **08-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (എ) | **എൽ.ടി. പട്ടയം താലൂക്ക് തിരിച്ച്**<br><br>കോഴിക്കോട്- 9905<br><br>താമരശ്ശേരി- 3443<br><br>കൊയിലാണ്ടി താലൂക്ക്- 4693<br><br>വടകര താലൂക്ക്- 4436<br><br>**ആകെ- 22477**<br><br>**മറ്റുള്ളവ**<br><br>കോഴിക്കോട് താലൂക്ക്- 204<br><br>കൊയിലാണ്ടി താലൂക്ക്-61<br><br>താമരശ്ശേരി താലൂക്ക്- 404<br><br>വടകര താലൂക്ക്- 13<br><br>**ആകെ- 682**<br><br>**ആകെ 23159** പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിലെ അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പേരാമ്പ്ര മണ്ഡലത്തിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് വരുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിന് പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ച് വരുന്നുണ്ട്. പേരാമ്പ്ര മണ്ഡലത്തിലെ വിവിധ ഉന്നതികളിൽ താമസിച്ച് വരുന്ന 49 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അനുവാദ പത്രിക ലഭ്യമാക്കി താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടുള്ളതും പട്ടയം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. മറ്റ് ഉന്നതികളിൽ |

| | | | |
|---|---|---|---|
| | | | താമസിക്കുന്ന അവശേഷിച്ച കേസുകളിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് അനുവാദപത്രിക അടിയന്തരമായി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഡാഷ്ബോർഡിൽ ഉൾപ്പെട്ട മറ്റ് കേസുകളിൽ മിക്ക കേസുകളിലും സർവ്വേ നടപടികൾ ആവശ്യമുള്ളതാണ്. പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സർവേയർമാരെ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് പരിഹരിക്കുവാൻ സർക്കാരിൽ നിന്നും ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ആയത് പ്രകാരം താത്കാലിക സർവ്വെയർമാരെ നിയമിക്കുന്നതിന് 13/10/2025-ന് ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം നിശ്ചയിച്ചിട്ടുള്ളതാണ്. 5 മാസത്തിനകം സർവ്വേ ആവശ്യമുള്ള എല്ലാ കേസുകളിലും സമയ ബന്ധിതമായി സർവ്വേ നടത്തി പട്ടയ പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ